**മധുരമായ കുട്ടികളേ - ബാബ സർവ്വകാര്യങ്ങളിലും മംഗളകാരിയാണ് അതിനാൽ ലഭിക്കുന്ന നിർദേശങ്ങളെ ചെവിക്കൊള്ളാതിരിക്കരുത് സദാ ശ്രീമതത്തിലൂടെ നടന്നുകൊണ്ടിരിക്കു.**

**ചോദ്യം:**– തീവ്രമായ ഭക്തിയിൽ നിന്നും തീവ്രമായ പഠനത്തിൽ നിന്നും ലഭിക്കുന്ന പ്രാപ്തികളിൽ എന്ത് അന്തരമാണുള്ളത്?
**ഉത്തരം:**– തീവ്രമായ ഭക്തിയിലൂടെ സാക്ഷാത്ക്കാരമുണ്ടാകുന്നു, ശ്രീകൃഷ്ണന്റെ ഭക്തന് ശ്രീകൃഷ്ണന്റെ സാക്ഷാത്ക്കാരമുണ്ടാകുന്നു, രാസലീലയും കളിക്കും പക്ഷേ അവർക്ക് വൈകുണ്ഠത്തിലേയ്ക്ക് അഥവാ ശ്രീകൃഷ്ണപുരിയിലേയ്ക്ക് വരുവാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾ തീവ്രമായി പഠിക്കുന്നു ഇതിലൂടെ നിങ്ങളുടെ സർവ്വമനോകാമനകളും പൂർത്തിയാകുന്നു. ഈ പഠിപ്പിലൂടെ നിങ്ങൾ വൈകുണ്ഠത്തിലേയ്ക്ക് പോകുന്നു.

**ഗീതം:**– ഇന്നല്ലെങ്കിൽ നാളെ.....

**ഓം ശാന്തി**. വീട്ടിലേയ്ക്ക് പോകാം എന്ന് ആരാണ് പറഞ്ഞത്? അഥവാ ആരുടേയെങ്കിലും കുട്ടി പിണങ്ങിപ്പോയാൽ ബന്ധുമിത്രാദികൾ പിന്നാലെ പോകും, എന്തിനാണ് പിണങ്ങുന്നത് എന്നു ചോദിക്കും. ഇനി ഇപ്പോൾ വീട്ടിലേയ്ക്ക് പോകാം എന്നു പറയും. ഇവിടെ പരിധിയില്ലാത്ത ബാബയും വന്ന് കുട്ടികളോട് ഇതുതന്നെ പറയുകയാണ്. അച്ഛനുമാണ്, മുത്തച്ഛനുമാണ്. ലൗകികത്തിലുള്ളവരുമുണ്ട് അതുപോലെ അലൗകികവുമുണ്ട്. പറയുന്നു, ഹേയ് കുട്ടീ, ഇപ്പോൾ വീട്ടിലേയ്ക്ക് പോകാം, രാത്രി പൂർത്തിയായിരിക്കുന്നു, ഇനി പകൽ വരും. ഇത് ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. ബ്രഹ്മാവിന്റെ രാത്രി, ബ്രഹ്മാവിന്റെ പകൽ– ഇത് ആരാണ് മനസ്സിലാക്കിത്തന്നത്? അച്ഛൻ ഇരുന്ന് ബ്രഹ്മാവിനും ബ്രഹ്മാകുമാരന്മാർക്കും കുമാരിമാർക്കും മനസ്സിലാക്കിത്തരികയാണ്. അരകല്പം രാത്രിയാണ് അർത്ഥം പതിത രാവണരാജ്യമാണ് അതായത് ഭ്രഷ്ടാചാരീ ലോകമാണ് എന്തുകൊണ്ടെന്നാൽ ആസുരീയ മതത്തിലൂടെയാണ് നടക്കുന്നത്. ഇപ്പോൾ നിങ്ങൾ ശ്രീമതത്തിലൂടെയാണ്. ശ്രീമതം നിരാകാരന്റേതാണ്. നമുക്ക് അറിയാം ബാബ സ്വയം വരുകയാണ്. അച്ഛന്റെ രൂപം വേറെയാണ്. രാവണന്റെ രൂപവും വേറെയാണ്. അതിനെ 5 വികാരമാകുന്ന രാവണൻ എന്നാണ് പറയുന്നത്. ഇപ്പോൾ രാവണരാജ്യം പൂർത്തിയായി രാമരാജ്യം ഉണ്ടാകും. രാമരാജ്യം എന്നു പറയാറില്ലേ. സീതയുടെ രാമനെയല്ല ജപിക്കുന്നത്. മാലയുരുട്ടി രാമരാമാ എന്നു ജപിക്കാറില്ലേ. അവർ പരമാത്മാവിനേയാണ് ഓർമ്മിക്കുന്നത്. സർവ്വരുടേയും ഗതി സദ്ഗതി ദാതാവായിട്ടുള്ളത് ആരാണോ അവരെയാണ് ജപിച്ചുകൊണ്ടിരിക്കുന്നത്. രാമൻ അർത്ഥം ഈശ്വരൻ. എപ്പോഴാണോ മാല ജപിക്കുന്നത് അപ്പോൾ അവർക്ക് ഒരു വ്യക്തിയേയും ഓർമ്മ വരില്ല, അവരുടെ ബുദ്ധിയിലേയ്ക്ക് രണ്ടാമത് ഒരാൾ വരുകയേയില്ല. അതിനാൽ ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുകയാണ് രാത്രി പൂർത്തിയായിരിക്കുന്നു. ഇത് കർമ്മക്ഷേത്രമാണ്, സ്റ്റേജാണ്, ഇവിടെയാണ് നമ്മൾ ആത്മാക്കൾ ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നത്. 84 ജന്മങ്ങളുടെ പാർട്ട് അഭിനയിക്കണം. പിന്നീട് അതിൽ വർണ്ണങ്ങളും കാണിക്കുന്നു എന്തുകൊണ്ടെന്നാൽ 84 ജന്മങ്ങളുടെ കണക്ക് വേണമല്ലോ. ഏത് ഏതെല്ലാം ജന്മങ്ങളിൽ ഏതെല്ലാം കുലങ്ങളിൽ വരുന്നു, ഏത് വർണ്ണത്തിൽ വരുന്നു, ഇതിനായാണ് വിരാടരൂപം കാണിച്ചിട്ടുള്ളത്. ആദ്യമാദ്യം ബ്രാഹ്മണനാണ്. കേവലം സത്യയുഗീ സൂര്യവംശത്തിൽ തന്നെ 84 ജന്മങ്ങൾ എടുക്കുക സാധ്യമല്ല. ബ്രാഹ്മണകുലത്തിലും 84 ജന്മങ്ങൾ ഉണ്ടാകില്ല. 84 ജന്മങ്ങൾ ഭിന്ന ഭിന്ന നാമ, രൂപ, ദേശ, കാലങ്ങളിലാണ് ഉണ്ടാകുന്നത്. സതോപ്രധാനമായ സത്യയുഗത്തിൽ നിന്നും തമോപ്രധാനമായ കലിയുഗത്തിലേയ്ക്ക് തീർച്ചയായും വരണം. അതിനും സമയം തന്നിട്ടുണ്ട്. മനുഷ്യൻ എങ്ങനെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്– ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. മനുഷ്യർക്ക് ഇത് അറിയില്ല അതിനാലാണ് ബാബ പറയുന്നത് നിങ്ങൾക്ക് നിങ്ങളുടെതന്നെ ജന്മങ്ങളെ അറിയില്ല, ഞാനാണ് പറഞ്ഞുതരുന്നത്. അച്ഛൻ മനസ്സിലാക്കുന്നു ഡ്രാമ അനുസരിച്ച് തീർച്ചയായും എല്ലാം മറക്കുകതന്നെ വേണം.

ഇപ്പോൾ ഇത് സംഗമയുഗമാണ്. കലിയുഗം ഇപ്പോഴും ചെറിയ കുട്ടിയാണ് എന്ന് ലോകർ പറയുന്നു. ഇതിനെയാണ് അജ്ഞാനത്തിന്റെ ഘോരാന്ധകാരം എന്നു പറയുന്നത്. എങ്ങനെയാണോ നാടകത്തിലെ അഭിനേതാക്കൾക്ക് മനസ്സിലാകുന്നത് നാടകം പൂർത്തിയാകാൻ ഇനി 10 മിനിറ്റേ ബാക്കിയുള്ളു, അതുപോലെ ഇതും ചൈതന്യത്തിലുള്ള നാടകമാണ്. ഇത് എപ്പോഴാണ് പൂർത്തിയാവുക എന്നത് മനുഷ്യർ അറിയുന്നില്ല. മനുഷ്യർ ഘോരാന്ധകാരത്തിലാണ്. ബാബ പറയുന്നു ഗുരു–സന്യാസിമാരിലൂടേയോ വേദ–ശാസ്ത്ര

ജപ-തപത്തിലൂടെയോ എന്നെ ലഭിക്കുകയില്ല. ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. എപ്പോൾ രാത്രിയിൽ നിന്നും പകലാക്കണമോ അഥവാ അനേക ധർമ്മങ്ങളുടെ വിനാശവും ഏകധർമ്മത്തിന്റെ സ്ഥാപനയും ചെയ്യണമോ അപ്പോൾ എന്റേതായ ആ സമയത്തിലാണ് ഞാൻ വരുന്നത്. എപ്പോൾ സൃഷ്ടി ചക്രം പൂർത്തിയാകുന്നുവോ അപ്പോഴല്ലേ ഞാൻ സ്വർഗ്ഗം സ്ഥാപിക്കുക. ഉടൻ തന്നെ രാജഭരണം ആരംഭിക്കും. നിങ്ങൾക്ക് അറിയാം നമ്മൾ രാജാവിന്റെ പക്കൽ ജന്മമെടുക്കും പിന്നീട് പതുക്കെ പതുക്കെ പുതിയ ലോകമുണ്ടാകും. എല്ലാം പുതിയത് ഉണ്ടാക്കേണ്ടിവരും. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ആത്മാവിൽ പഠിപ്പിന്റേയും ചെയ്ത കർമ്മങ്ങളുടേയും സംസ്ക്കാരം നിലനിൽക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ആത്മാഭിമാനിയാവണം. മനുഷ്യർ എല്ലാവരും ദേഹാഭിമാനികളാണ്, ആത്മാഭിമാനിയാകുമ്പോഴേ പരമാത്മാവിനെ ഓർമ്മിക്കാൻ സാധിക്കൂ. ആദ്യത്തെ കാര്യം ആത്മാഭിമാനിയായി മാറുക എന്നതാണ്. നമ്മൾ ജീവാത്മാക്കളാണ് എന്ന് എല്ലാവരും പറയാറുണ്ട്. ആത്മാവ് അവിനാശിയാണ്, ഈ ശരീരം വിനാശിയാണ് എന്നും പറയാറുണ്ട്. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നു. ഇത്രയൊക്കെ പറയുന്നുണ്ട് പക്ഷേ അത് അനുസരിച്ച് നടക്കുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് അറിയാം ആത്മാവ് നിരാകാരീ ലോകത്തുനിന്നാണ് വന്നത്, ആത്മാവിൽ അവിനാശിയായ പാർട്ട് അടങ്ങിയിട്ടുണ്ട്. ഇത് അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. പുനർജന്മങ്ങൾ എടുക്കുന്നുണ്ട്. ഡ്രാമ അതുപോലെത്തന്നെ ആവർത്തിക്കും. പിന്നീട് ക്രിസ്തു മുതലായ എല്ലാവർക്കും വരേണ്ടിവരും, തന്റേതായ സമയങ്ങളിൽ വന്ന് ധർമ്മസ്ഥാപന ചെയ്യുന്നു. ഇപ്പോൾ ഇത് നിങ്ങളുടെ സംഗമയുഗീ ബ്രാഹ്മണധർമ്മമാണ്. അവർ പൂജാരികളായ ബ്രാഹ്മണരാണ്, നിങ്ങൾ പൂജ്യരും. നിങ്ങൾ ഒരിയ്ക്കലും പൂജചെയ്യില്ല. മനുഷ്യർ പൂജചെയ്യും. ബാബ മനസ്സിലാക്കിത്തരുകയാണ് ഇത് എത്ര വലിയ പഠിപ്പാണ്. എത്രയധികം കാര്യങ്ങൾ ധാരണ ചെയ്യേണ്ടിവരും. വിസ്താരത്തിൽ നിന്ന് ധാരണ ചെയ്യുന്നതിൽ നമ്പർവൈസാണ്. സാരത്തിൽ മനസ്സിലാക്കുന്നുണ്ട്- ബാബ രചയിതാവാണ് ഇത് ബാബയുടെ രചനയാണ്. ശരി, അച്ഛനാണെന്ന കാര്യം മനസ്സിലാക്കുന്നുണ്ടല്ലോ. അച്ഛനെയാണ് എല്ലാ ഭക്തരും ഓർമ്മിക്കുന്നത്. ഭക്തരുമാണ്, കുട്ടികളുമാണ്. ഭക്തർ അച്ഛാ എന്ന് പറഞ്ഞ് വിളിക്കാറുണ്ട്. അഥവാ ഭക്തർ തന്നെ ഭഗവാനാണെങ്കിൽ പിന്നെ അച്ഛാ എന്നു പറഞ്ഞ് ആരെയാണ് വിളിക്കുന്നത്. ഇതുപോലും മനസ്സിലാക്കുന്നില്ല. സ്വയം ഭഗവാനാണെന്നു കരുതി ഇരിക്കുകയാണ്. ബാബ മനസ്സിലാക്കിത്തരികയാണ് ഡ്രാമ അനുസരിച്ച് എപ്പോഴാണോ ഈ സ്ഥിതിയുണ്ടാകുന്നത്, ഭാരതം തീർത്തും ലാസ്റ്റ് ഗ്രേഡിലെത്തുന്നത് അപ്പോഴാണ് ഞാൻ വരുന്നത്. ഭാരതം പഴയതാവുമ്പോൾ അതിനെ പുതിയതാക്കും. പുതിയ ഭാരതത്തിൽ മറ്റൊരുധർമ്മവും ഉണ്ടായിരുന്നില്ല. അതിനെ സ്വർഗ്ഗം എന്നാണ് വിളിക്കുന്നത്. ഇപ്പോൾ ഭാരതം പഴയതാണ്, ഇതിനെ നരകം എന്നാണ് വിളിക്കുന്നത്. അവിടെ പൂജ്യരായിരുന്നു, ഇപ്പോൾ പൂജാരികളാണ്. പൂജ്യനും പൂജാരിയും തമ്മിലുള്ള വ്യത്യാസം പറഞ്ഞുതന്നിട്ടുണ്ട്. നമ്മൾ ആത്മാക്കൾ തന്നെയാണ് പൂജ്യർ പിന്നീട് നമ്മൾ ആത്മാക്കൾ തന്നെയാണ് പൂജാരിയാവുന്നത്. താങ്കൾ പൂജ്യനാണ്, താങ്കൾ തന്നെയാണ് പൂജാരിയാകുന്നതും എന്ന് ഭഗവാനെ പറയാൻ സാധിക്കില്ല, ലക്ഷ്മീ നാരായണന്മാരെയാണ് പറയുക. അതിനാൽ അവർ എങ്ങനെയാണ് പൂജ്യനായും പിന്നീട് പൂജാരിയായും മാറുന്നത് എന്നത് ബുദ്ധിയിൽ വരണം.

ബാബ പറയുന്നു കല്പം മുമ്പും ഞാൻ ഇങ്ങനെ ജ്ഞാനം നൽകിയിരുന്നു, കല്പകല്പം തന്നുകൊണ്ടിരിക്കും. ഞാൻ വരുന്നത് തന്നെ കല്പത്തിന്റെ സംഗമയുഗത്തിലാണ്. എന്റെ പേരുതന്നെ പതിതപാവനൻ എന്നാണ്. എപ്പോൾ മുഴുവൻ സൃഷ്ടിയും പതിതമാകുന്നുവോ അപ്പോൾ ഞാൻ വരുന്നു. നോക്കൂ, ഇത് വൃക്ഷമാണ്, ഇതിൽ ബ്രഹ്മാവ് മുകളിൽ നിൽക്കുന്നുണ്ട്. ആദ്യം തുടക്കത്തിൽ കാണിക്കുന്നു. ഇപ്പോൾ എല്ലാവരും അവസാനത്തിലാണ്. എങ്ങനെയാണോ ബ്രഹ്മാവ് അവസാനസമയത്ത് പ്രത്യക്ഷമായത് അതുപോലെ എല്ലാവരും അവസാനം വരും. ക്രിസ്തുവും പിന്നീട് വരും. പക്ഷേ നമുക്ക് വൃക്ഷത്തിന്റെ അവസാനത്തിൽ അർത്ഥം ശിഖരത്തിൽ ക്രിസ്തുവിന്റെ ചിത്രം വെയ്ക്കാൻ സാധിക്കില്ല പക്ഷേ മനസ്സിലാക്കിക്കൊടുക്കാൻ പറ്റും. എങ്ങനെയാണോ ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്ന പ്രജാപിതാ ബ്രഹ്മാവ് വൃക്ഷത്തിന്റെ അവസാനത്തിൽ നിൽക്കുന്നത് അതുപോലെ ക്രിസ്തുവും ക്രിസ്തു ധർമ്മത്തിന്റെ പ്രജാപിതാവാണല്ലോ. പ്രജാപിതാ ബ്രഹ്മാവിനെപ്പോലെ പ്രജാപിതാ ക്രിസ്തു, പ്രജാപിതാ ബുദ്ധൻ............ ഇവരെല്ലാവരും ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നവരാണ്. ശങ്കരാചാര്യരെ സന്യാസിമാരുടെ പിതാവ് എന്ന് പറയാം. അവർ ഗുരു എന്നാണ് വിളിക്കുന്നത്. പറയും ഞങ്ങളുടെ ഗുരു ശങ്കരാചാര്യരായിരുന്നു അതിനാൽ ഇപ്പോൾ വൃക്ഷത്തിന്റെ ആരംഭത്തിൽ നിൽക്കുന്ന അവർ പിന്നീട് ജന്മങ്ങൾ എടുത്ത് എടുത്ത് അവസാനത്തിലെത്തും. ഇപ്പോൾ എല്ലാവരും തമോപ്രധാന അവസ്ഥയിലാണ്. ഇവരും വന്ന് മനസ്സിലാക്കും. അന്ത്യത്തിൽ സലാം ചെയ്യാൻ തീർച്ചയായും വരും. പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കൂ എന്ന് അവരോടും പറയും. പരിധിയില്ലാത്ത അച്ഛൻ എല്ലാവർക്കും വേണ്ടി പറയുകയാണ് ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളേയും ഉപേക്ഷിക്കൂ. ഈ ജ്ഞാനം സർവ്വധർമ്മത്തിലുള്ളവർക്കും വേണ്ടി

യാണ്. ദേഹത്തിന്റെ എല്ലാ ധർമ്മങ്ങളേയും ഉപേക്ഷിച്ച് സ്വയം അശരീരി ആത്മാവാണെന്നു മനസ്സിലാക്കി, ബാബയെ ഓർമ്മിക്കൂ. എത്രത്തോളം ഓർമ്മിക്കുന്നുവോ ജ്ഞാനത്തിന്റെ ധാരണ ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി ലഭിക്കും. കല്പം മുമ്പ് ആര് എത്ര ജ്ഞാനം എടുത്തിട്ടുണ്ടോ, അവർ വന്ന് തീർച്ചയായും അത്രയും എടുക്കും.

നിങ്ങൾ കുട്ടികൾക്ക് എത്ര ലഹരിയുണ്ടാകണം- നമ്മൾ വിശ്വത്തിന്റെ രചയിതാവായ ബാബയുടെ കുട്ടികളാണ്, ബാബ നമ്മളെ വിശ്വത്തിന്റെ അധികാരിയാക്കുകയാണ്, രാജയോഗം പഠിപ്പിക്കുകയാണ്! എത്ര സഹജമായ കാര്യമാണ്. പക്ഷേ പോകെപ്പോകെ ചെറിയ കാര്യങ്ങളിൽ സംശയം വരുന്നു, ഇതിനെത്തന്നെയാണ് മായയുടെ കൊടുങ്കാറ്റ് അല്ലെങ്കിൽ പരീക്ഷ എന്നു പറയുന്നത്. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരിക്കണം എന്ന് ബാബ പറയാറുണ്ട്. എല്ലാവരെക്കൊണ്ടും വീട് ഉപേക്ഷിപ്പിച്ചാൽ എല്ലാവരും ഇവിടെ വന്നിരിക്കും. ഗൃഹസ്ഥത്തിലും വിജയിക്കണം. പിന്നീട് സമയമനുസരിച്ച് സേവനത്തിൽ മുഴുകണം. ആരെല്ലാം ജോലി ഉപേക്ഷിച്ചോ അവർ പിന്നീട് സേവനങ്ങളിൽ മുഴുകി. പക്ഷേ ചിലർ മോശമാകുന്നുമുണ്ട്. ചിലർ മനസ്സിലാക്കും ശ്രീമതത്തിൽ മംഗളമുണ്ട്. തീർച്ചയായും ശ്രീമതം അനുസരിച്ച് നടക്കുകതന്നെ വേണം. നിർദേശം ലഭിച്ചുകഴിഞ്ഞാൽ പിന്നെ അത് കേട്ടില്ലെന്ന് നടിക്കരുത്. ബാബ എല്ലാകാര്യത്തിലും മംഗളകാരിയാണ്. മായ വളരെ ചഞ്ചലപ്പെടുത്തും. വളരെ അധികം പേർ ഇങ്ങനെ ചിന്തിക്കുന്നു ഇങ്ങനെ ഇരിക്കുന്നതിലും നല്ലത് വല്ല ജോലിയും ചെയ്യുന്നതാണ്, ചിലർ വിവാഹം കഴിച്ചാലോ എന്നും ചിന്തിക്കും. ബുദ്ധി കറങ്ങിക്കൊണ്ടിരിക്കും. പിന്നീട് പഠിപ്പ് ഉപേക്ഷിക്കുന്നു. ഞങ്ങൾ തീർച്ചയായും ശ്രീമതത്തിലൂടെ നടക്കുമെന്ന് ചിലർ ബാബയ്ക്ക് ഗ്യാരന്റി കൊടുക്കും. അത് ആസുരീയ മതമാണ്, ഇതാണ് ഈശ്വരീയ മതം. ആസുരീയ മതത്തിലൂടെ നടക്കുന്നതിനാൽ കടുത്ത ശിക്ഷ അനുഭവിക്കുന്നു. ലോകർ പിന്നീട് ഗരുഢപുരാണത്തിൽ പേടിപ്പിക്കുന്ന കാര്യങ്ങൾ എഴുതിവെച്ചു, ഇനിയും പാപം ചെയ്യാതിരിക്കാൻ. എന്നിട്ടും ആരും നേരെയാകുന്നില്ലല്ലോ. ഇതെല്ലാം ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ഒരു മനുഷ്യന് ജ്ഞാനത്തിന്റെ സാഗരമാകാൻ സാധിക്കില്ല. ജ്ഞാനത്തിന്റെ സാഗരനും നോളേജ്ഫുള്ളുമായ ബാബ മനസ്സിലാക്കിത്തരുകയാണ്. ആരാണോ മനസ്സിലാക്കിയത് അവർ പിന്നീട് മനസ്സിലാക്കിക്കൊടുക്കും, പറയും ഇത് ശരിയായ കാര്യമാണ് ഞങ്ങൾ ഇനിയും വരും. ഇത്രയേയുള്ളൂ, പ്രദർശിനിയിൽ നിന്നും പുറത്തുവന്നു എല്ലാം അവസാനിച്ചു. അതെ, 2-3 പേര് വന്നാൽ തന്നെ നല്ലതാണ്, അനേകം പ്രജകൾ ഉണ്ടാവുന്നുണ്ട്. സമ്പത്ത് നേടാൻ യോഗ്യരാകുന്നത് വളരെ വിരളം ആളുകളാണ്. രാജാവിനും റാണിയ്ക്കുമായി ഒന്നോ രണ്ടോ കുട്ടികളുണ്ടാകും. അവരെ രാജകുലത്തിലേത് എന്നാണ് പറയുക. അനവധി പ്രജകളുണ്ടാകും. പെട്ടെന്ന് പ്രജകളുണ്ടാകും. കുറച്ചു രാജാക്കന്മാരെ ഉണ്ടാകൂ. 16108 പേരുണ്ടാകും ത്രേതായുഗത്തിന്റെ അന്ത്യമാവുമ്പോഴേക്കും. പ്രജകളാണെങ്കിൽ കോടിക്കണക്കിന് ഉണ്ടാകും. ഇത് മനസ്സിലാക്കാൻ വളരെ വിശാലമായ ബുദ്ധിവേണം. നമ്മൾ പാരലൗകിക പിതാവിൽ നിന്നും സമ്പത്ത് എടുക്കുകയാണ്. അച്ഛന്റെ ആജ്ഞയാണ് എന്നെ ഓർമ്മിക്കൂ ഒപ്പം സമ്പത്തിനേയും ഓർമ്മിക്കൂ. മന്മനാഭവ മദ്ധ്യാജീ ഭവ. സ്വർഗ്ഗമാണ് വിഷ്ണുപുരി ഇത് രാവണപുരിയാണ്. ശാന്തീധാമം, സുഖധാമം പിന്നെ ദുഃഖധാമം- ഇത് ബാബ മനസ്സിലാക്കിത്തരുകയാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ അന്തിമ സമയത്തെ മനം പോലെ ഗതിയുണ്ടാകും. ഭക്തിമാർഗ്ഗത്തിൽ കൃഷ്ണനെ ഓർമ്മിക്കുകയാണെന്നു കരുതൂ പക്ഷേ അതിലൂടെ കൃഷ്ണപുരിയിലെത്തിച്ചേരാൻ കഴിയില്ല. ഓർമ്മിച്ച് കൃഷ്ണപുരിയിൽ ചെന്ന് രാസലീല കളിച്ചിട്ട് തിരിച്ചുവരും. അത് തീവ്രഭക്തിയുടെ പ്രഭാവമാണ്, ഇതിലൂടെ അവർക്ക് സാക്ഷാത്ക്കാരമുണ്ടാകുന്നു, അവരുടെ മനോകാമനകൾ പൂർത്തിയാകുന്നു. ബാക്കി സത്യയുഗം സത്യയുഗം തന്നെയാണ്. അവിടേയ്ക്ക് പോകാൻ പിന്നീട് തീവ്രമായ പഠനം ആവശ്യമാണ്, തീവ്രമായ ഭക്തിയല്ല. പഠിച്ചുകൊണ്ടേയിരിക്കൂ, മുരളി തീർച്ചയായും പഠിക്കണം. സെന്ററിലേയ്ക്ക് തീർച്ചയായും പോകണം. അല്ലെങ്കിൽ പിന്നെ മുരളി വീട്ടിൽ കൊണ്ടുവന്നെങ്കിലും പഠിക്കൂ. ചിലരോട് പറയും സെന്ററിൽ പോകൂ, ഓരോരുത്തർക്കുവേണ്ടിയും വ്യത്യസ്തമായ നിർദ്ദേശങ്ങളാണ്. എല്ലാവർക്കും ഒരേകാര്യമായിരിക്കില്ല. ബാബ പറഞ്ഞിട്ടുണ്ട് ദൃഷ്ടി കൊടുത്ത് കഴിക്കാം പക്ഷേ നിവൃത്തിയില്ലാത്ത സാഹചര്യങ്ങളിൽ മറ്റൊന്നും ചെയ്യാൻ പറ്റാത്ത സമയത്ത് ദൃഷ്ടി നൽകി കഴിക്കൂ എന്നതാണ് അതിനർത്ഥം. ബാക്കിയെല്ലാവരോടും ബാബ ഇങ്ങനെ പറയുമോ. അതുപോലെ ബാബ ചിലരോട് പറയും നാടകം കാണാൻ പോയ്ക്കോളൂ. പക്ഷേ ഇത് എല്ലാവർക്കും വേണ്ടിയല്ല. അഥവാ ആരുടെയെങ്കിലും കൂടെ പോകേണ്ടിവന്നാൽ അവർക്കും ഈ ജ്ഞാനം നൽകൂ. ഇത് പരിധിയുള്ള നാടകമാണ്, ഇതാണ് പരിധിയില്ലാത്ത നാടകം എന്ന് മനസ്സിലാക്കിക്കൊടുക്കൂ. അതിനാൽ സേവനം ചെയ്യണം. കേവലം കാണാനായി മാത്രം പോകണം എന്നല്ല. ശ്മശാനത്തിൽ ചെന്നും സേവനം ചെയ്യണം. ശരി!
വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) ബാബയുടെ ഓരോ വാക്കിലും മംഗളം അടങ്ങിയിട്ടുണ്ട് എന്ന് മനസ്സിലാക്കി നിശ്ചയബുദ്ധിയായി മുന്നോട്ടുപോകണം, ഒരിയ്ക്കലും സംശയത്തിലേയ്ക്ക് വരരുത്. ശ്രീമതത്തെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കണം.

2) ആത്മാഭിമാനിയായിരിക്കുന്നതിനുള്ള അഭ്യാസം ചെയ്യണം. ഡ്രാമയിൽ ഓരോ അഭിനേതാവിന്റേയും പാർട്ട് അനാദിയാണ് അതിനാൽ സാക്ഷിയായി കാണുന്നതിനുള്ള അഭ്യാസം ചെയ്യണം.

**വരദാനം:- സദാ സുരക്ഷയുടെ രേഖയ്ക്കുള്ളിൽ പരമാത്മാ ഛത്രഛായയുടെ അനുഭവം ചെയ്യുന്ന മായാജീത്തായി ഭവിക്കൂ**

ബാബയും താങ്കളും ഇതാണ് സുരക്ഷയുടെ രേഖ, ഈ രേഖ തന്നെയാണ് പരമാത്മാ ഛത്രഛായ. ആരാണോ ഈ ഛത്രഛായയുടെ രേഖയ്ക്കുള്ളിലുള്ളത് അവരുടെ അടുത്ത് മായ വരുന്നതിനുള്ള ധൈര്യം പോലും കാണിക്കില്ല. പിന്നീട് പരിശ്രമമെന്താണ്, തടസ്സമെന്താണ്, വിഘ്നമെന്താണ് - ഈ വാക്കുകളിൽ നിന്ന് അവിദ്യരാകും. സദാ സുരക്ഷിതമായിരിക്കും, ബാബയുടെ ഹൃദയത്തിൽ ലയിച്ചിരിക്കും - ഇതാണ് ഏറ്റവും സഹജവും തീവ്രഗതിയിലും പോകുന്നതിനുള്ള അഥവാ മായാജീത്താകുന്നതിനുള്ള പുരുഷാർത്ഥം.

**സ്ലോഗൻ:- ദിവ്യ ഗുണങ്ങളുടെ സർവ്വ അലങ്കാരങ്ങളാൽ അലങ്കരിക്കപ്പെട്ട് കഴിയുകയാണെങ്കിൽ അഹങ്കാരം വരിക സാധ്യമല്ല.**